ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**DATE: 06.12.2025** **TIME: 12.30**

## പ്രധാന വാർത്തകൾ

1. മഹാപരിനിർവാൺ ദിവസിൽ ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം; ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്താൻ ബാബാസാഹേബ് തലമുറകൾക്ക് പ്രചോദനമേകിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള ആദ്യഘട്ട പോളിങ്ങിന് മുന്നോടിയായുള്ള പരസ്യപ്രചാരണത്തിന് നാളെ കൊട്ടിക്കലാശം; പ്രചാരണാവേശത്തിൽ മുന്നണികൾ; തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ വോട്ടെടുപ്പ് ചൊവ്വാഴ്ച

3. സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയപരിധി ഡിസംബർ 18 വരെ നീട്ടി തിരഞ്ഞെടുപ്പ് കമ്മീഷൻ.

4. ലൈംഗിക ആരോപണ കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ അറസ്റ്റ് തല്ക്കാലത്തേക്ക് തടഞ്ഞ് ഹൈക്കോടതി.

5. ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം ഇന്ന് ഉച്ചയ്ക്ക് വിശാഖപട്ടണത്ത്.

## മഹാപരിനിർവാൺ ദിവസ്

എഴുപതാമത് മഹാപരിനിർവാൺ ദിവസിൽ ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെയുള്ളവർ ന്യൂഡൽഹിയിലെ പാർലമെന്റ് സമുച്ചയത്തിൽ ഡോ. ബി ആർ അംബേദ്കറുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി. ബാബാസാഹേബിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വവും, നീതി, സമത്വം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയോടുള്ള പ്രതിബദ്ധതയും ഇന്ത്യയുടെ യാത്രയെ നയിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ജനങ്ങളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്താനും അദ്ദേഹം തലമുറകളെ പ്രചോദിപ്പിച്ചുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

## ഇൻഡിഗോ വിമാനം

ഇൻഡിഗോ വിമാനങ്ങളുടെ പ്രവർത്തന തടസ്സങ്ങൾക്ക് കാരണമായ സാഹചര്യങ്ങൾ സമഗ്രമായി അവലോകനം ചെയ്യുന്നതിനായി സർക്കാർ നാലംഗ സമിതി രൂപീകരിച്ചു. 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തന തടസ്സങ്ങൾക്കുള്ള അടിസ്ഥാന കാരണങ്ങൾ സമിതി തിരിച്ചറിയുമെന്ന് ഡിജിസിഎ പ്രസ്താവനയിൽ പറഞ്ഞു. അതേസമയം വിമാനത്താവളങ്ങളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ കുറയ്ക്കുന്നതിലാണ് സർക്കാർ പ്രധാന ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു പറഞ്ഞു.

## ഡൽഹി വിമാനത്താവളം

ഡൽഹി വിമാനത്താവളത്തിൽ നിന്നുള്ള വിമാന സർവീസുകൾ സാധാരണ നിലയിൽ പുനരാരംഭിച്ചതായി വിമാനത്താവള അതോറിറ്റി അറിയിച്ചു.നേരെത്തെ നേരിട്ട തടസങ്ങൾ ചില ഇൻഡിഗോ

വിമാനങ്ങളെ തുടർന്നും ബാധിക്കും. അസൗകര്യം ഒഴിവാക്കാൻ വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിനു മുൻപ് ഏറ്റവും പുതിയ വിമാനയാത്രാ ചാർട്ടു പരിശോധിക്കണമെന്ന് നിർദ്ദേശമുണ്ട്.

☸☸☸☸☸☸☸☸☸☸☸☸

## ഇന്ത്യൻ റെയിൽവേ

രാജ്യവ്യാപകമായി വിമാന സർവീസുകൾ റദ്ദാക്കിയതിനെ തുടർന്നുണ്ടായ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ത്യൻ റെയിൽവേ വിപുലമായ നടപടികൾ സ്വീകരിച്ചു. രാജ്യത്ത് ആകെ 37 ട്രെയിനുകളിൽ 116 അധിക കോച്ചുകൾ ഉൾപ്പെടുത്തി. ദക്ഷിണ റെയിൽവേയാണ് ഏറ്റവും കൂടുതൽ കോച്ച് വർദ്ധനവ് നടത്തിയത്. 18 ട്രെയിനുകളിൽ ശേഷി വർദ്ധിപ്പിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## തിരഞ്ഞെടുപ്പ്-പരസ്യപ്രചാരണം

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പോളിങ്ങിന് മുന്നോടിയായി പരസ്യപ്രചാരണം നാളെ വൈകിട്ട് 6 മണിക്ക് അവസാനിക്കും. ചൊവ്വാഴ്ച വോട്ടെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. വോട്ടെടുപ്പിനു മുൻപുള്ള അവസാനത്തെ വാരാന്ത്യ അവധിക്കിടെ പരമാവധി പേരെ നേരിൽ കണ്ട് വോട്ടുകൾ ഉറപ്പാക്കാനുള്ള ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപറേഷനുകളും ആദ്യഘട്ട വോട്ടെടുപ്പു നടക്കുന്നവയിൽ ഉൾപ്പെടുന്നു. ആകെ 36,630 സ്ഥാനാർത്ഥികളാണ് ചൊവ്വാഴ്ചത്തെ തെരഞ്ഞെടുപ്പിൽ ജനവിധി തേടുന്നത്.

☸☸☸☸☸☸☸☸☸☸☸☸

## തെരഞ്ഞെടുപ്പ് -- കൊട്ടിക്കലാശം

പരസ്യപ്രചാരണം അവസാനിക്കുന്ന സമയത്ത് രാഷ്ട്രീയപാർട്ടികൾ നടത്തുന്ന കൊട്ടിക്കലാശം പോലുള്ള പരിപാടികൾ സമാധാനപര മായിരിക്കണമെന്നും, ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ

നിർദേശിച്ചു. പൊതുജനങ്ങൾക്ക് മാർഗ്ഗ തടസ്സം സൃഷ്ടിച്ചു കൊണ്ടുള്ള പരിപാടികൾ പാടില്ല. പരസ്യപ്രചാരണത്തിന്റെ സമാപനത്തിലും മാതൃകാ പെരുമാറ്റ ചട്ടവും, ഹരിതച്ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണം. പ്രചാരണ ഗാനങ്ങൾ ഉച്ചത്തിൽ കേൾപ്പിച്ചു മത്സരിക്കുന്ന പ്രവണതയും കർശനമായി നിയന്ത്രിക്കാൻ കമ്മീഷണർ ജില്ലാ കളക്ടർമാർക്കും പോലീസ് അധികൃതർക്കും നിർദ്ദേശം നൽകി.

## തിരഞ്ഞെടുപ്പ് ബോധവത്കരണം

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുക യാണ്. ഇന്ന് തെരഞ്ഞെടുപ്പിൽ പാലിക്കേണ്ട മാതൃകാ പെരുമാറ്റചട്ടത്തെ കുറിച്ച് അറിയാം. സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തു ന്നത്. പെരുമാറ്റചട്ടം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ജില്ലകളിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാകും. മാധ്യമപ്രവർത്തകർക്കും പെരുമാറ്റച്ചട്ടം ബാധകമാണ്. തിരഞ്ഞെടുപ്പ് സംപ്രേക്ഷണം സംബന്ധിച്ച് News Broadcasting Standard Authority നൽകിയിട്ടുളള നിർദ്ദേശങ്ങളും അച്ചടി മാധ്യമങ്ങൾക്കായി പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നൽകിയിട്ടുളള മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയപരിധി നീട്ടി തിരഞ്ഞെടുപ്പ് കമ്മീഷൻ. എന്യുമറേഷൻ ഫോം ഡിസംബർ 18 വരെ സ്വീകരിക്കുമെന്ന് കമ്മീഷൻ അറിയിച്ചു. ഒരാഴ്ച നീട്ടണമെന്ന സർക്കാർ ആവശ്യം അംഗീകരിച്ചാണ് കമ്മീഷന്റെ തീരുമാനം. കരട് പട്ടിക ഈ മാസം 23 നും അന്തിമ പട്ടിക 2026 ഫെബ്രുവരി 21നും പ്രസിദ്ധീകരിക്കും. അതേസമയം ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ബിഎൽ ഒ മാരെ ഏല്പിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അഭ്യർത്ഥിച്ചു.

## പാലക്കാട് എസ്ഐആർ (ഇൻട്രോ)

പാലക്കാട് ജില്ലയിൽ എസ്ഐആർ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ 98 ശതമാനം പിന്നിട്ടതായി ജില്ലാ കളക്ടർ എം. എസ്. മാധവിക്കുട്ടി. എല്ലാ മണ്ഡലങ്ങളിലും ഡിജിറ്റൈസേഷൻ നടപടിക്രമങ്ങൾ ഉടൻ പൂർണ്ണമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ജില്ലാ കളക്ടർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്)

## എസ് ഐ ആർ-യോഗം

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് നടന്നു. എന്യുമറേഷൻ ഫോമുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംബന്ധിച്ച പരസ്യം അടുത്ത ദിവസം നൽകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. പോളിംഗ് കഴിഞ്ഞും ഫോമുകൾ പരിശോധിക്കാൻ BLO- BLA യോഗങ്ങൾ നടത്താൻ കഴിയണം. ഡിജിറ്റലൈസേഷൻ പൂർത്തിയായ ശേഷം 6,475 ബി.എൽ.ഒ മീറ്റിങ്ങുകൾ നടത്തിയതായി അദ്ദേഹം പറഞ്ഞു.

## കരകൗശല പുരസ്കാരം

2023, 2024 വർഷങ്ങളിലെ കരകൗശല അവാർഡുകൾ പ്രഖ്യാപിച്ച് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം. ചൊവ്വാഴ്ച ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ അവാർഡ് ദാന ചടങ്ങ് നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. കേരളത്തിൽ നിന്ന് മൂന്ന് പേർ പുരസ്കാരത്തിന് അർഹരായി. വൈക്കോൽ ചിത്രരചനാ രംഗത്ത് മികവ് തെളിയിച്ച ബി രാധാകൃഷ്ണപിള്ള 2023ലെ ദേശീയ പുരസ്കാരത്തിനും, വൈക്കോൽ കരകൗശല വിഭാഗത്തിൽ കെ സുലൈമാൻ കുട്ടി, ടെറാക്കോട്ട ശിൽപരംഗത്തെ മികവിന് വി കെ ജയൻ എന്നിവർ 2024ലെ ദേശീയ പുരസ്കാരത്തിനും അർഹരായി.

❁❁❁❁❁❁❁❁❁❁❁❁

## രാഹുൽ മാങ്കൂട്ടത്തിൽ

ലൈംഗിക ആരോപണ കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ അറസ്റ്റ് തല്ക്കാലത്തേക്ക് തടഞ്ഞ് ഹൈക്കോടതി. മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നതിനിടെ രാഹുലിനെ അറസ്റ്റ് ചെയ്യാൻ കഴിയില്ലെന്ന് ജസ്റ്റിസ് കെ. ബാബു വ്യക്തമാക്കി. മുൻകൂർ ജാമ്യാപേക്ഷ ഈ മാസം 15 ന് പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁

## കടുവ കണക്കെടുപ്പ് (ഇൻട്രോ)

അഖിലേന്ത്യ കടുവ കണക്കെടുപ്പിന്റെ ഭാഗമായി കണ്ണൂർ വനം ഡിവിഷനിലെ വിവരശേഖരണം പുരോഗമിക്കുന്നു.

രാജ്യത്തെ കടുവകളുടെ ആവാസവ്യവസ്ഥയുള്ള എല്ലാ മേഖലകളിലും ഒരേ സമയത്താണ് കണക്കെടുപ്പ് നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁

## ദേശീയ പാത - കൊല്ലം

കൊല്ലം മൈലക്കാട് നിർമ്മാണത്തിലിരുന്ന ദേശീയപാത തകർന്ന സംഭവത്തിൽ ജില്ലാ കളക്ടർ വിളിച്ചു ചേർത്ത അടിയന്തരയോഗം പുരോഗമിക്കുന്നു. കളക്ടറുടെ ചേംബറിൽ ചേരുന്ന യോഗത്തിൽ വകുപ്പ് തല ഉദ്യോഗസ്ഥരും ദേശീയപാതാ വിഭാഗം ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം ഇന്ന് ഉച്ചയ്ക്ക് 1.30ന് വിശാഖപട്ടണത്ത്. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്. ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വൻറി 20 പരമ്പര ഈ മാസം 9ന് ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

ശബരിമലയിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഇന്നലെ മുതൽ ഒരുക്കിയിരിക്കുന്ന കനത്ത സുരക്ഷ ഇന്നും തുടരും. സി.ആർ.പി.എഫ് - ആർ. എ.എഫ്, കേരള പോലീസ്, എൻ.ഡി.ആർ.എഫ്, ആന്റി സബോട്ടേജ് ചെക്ക് ടീം, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡ്, സ്പെഷ്യൽ ബ്രാഞ്ച് എന്നീ സേനാ വിഭാഗങ്ങളാണ് സുരക്ഷയൊരുക്കിയിരിക്കുന്നത്. ഇന്ന് നടതുറന്ന ശേഷമാണ് 18--ാം പടികയറാൻ തീർഥാടകരെ അനുവദിച്ചത്.

❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁

❁❁❁❁❁